# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2654** **09.07.2015-ൽ മറുപടിക്ക്**

## സെൻട്രൽ റോഡ് ഫണ്ട്

ചോദ്യം

ശ്രീ. ബി. സത്യൻ

മറുപടി

ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്
പൊതുമരാമത്ത് വകുപ്പ് മന്ത്രി

(എ) ഈ സാമ്പത്തിക വർഷം നബാർഡ് വഴി നിർമ്മാണം നടത്തുന്നതിനായി തിരുവനന്തപുരം ജില്ലയിൽ അനുമതി നൽകിയ റോഡ്, കെട്ടിടം, പാലങ്ങൾ തുടങ്ങിയവയുടെ വിശദാംശം ലഭ്യമാക്കാമോ;

(എ) ഈ സാമ്പത്തിക വർഷം നബാർഡിന്റെ ധനസഹായത്തോടെ നിർമ്മാണം നടത്തുന്നതിനായി ഒരു പദ്ധതിക്കും പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി നൽകിയിട്ടില്ല.

(ബി) സെൻട്രൽ റോഡ് ഫണ്ടിലേക്ക് ജില്ലയിൽ നിന്ന് റോഡുകൾ പരിഗണിക്കാനുള്ള ഈ വർഷത്തെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) സെൻട്രൽ റോഡ് ഫണ്ടിൽ നിന്നുള്ള ധനസഹായത്തിനായി ഈ വർഷം പ്രൊപ്പോസലുകൾ ഒന്നും സമർപ്പിച്ചി-ട്ടില്ല.

(സി) റോഡ് സേഫ്റ്റി അതോരിറ്റിക്ക് എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; റോഡ് സേഫ്റ്റി അതിരിറ്റി ഏതെല്ലാം പദ്ധതി-കളാണ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കാമോ; റോഡപക-ടങ്ങൾ കുറയ്ക്കാൻ നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ ?

(സി) റോഡ് സേഫ്റ്റി അതോറിറ്റി പ്രവർത്തി-ക്കുന്നത് ഗതാഗതവകുപ്പിന്റെ കീഴിലാണ്. ലഭ്യമായ വിവരമനുസരിച്ച് ഈ സാമ്പത്തിക വർഷത്തിൽ 86 കോടി രൂപ (എൺപത്തിയാറ് കോടി രൂപ) വകയി-രുത്തിയിട്ടുണ്ട്. റോഡ് സേഫ്റ്റി അതോറിറ്റി നടപ്പിലാക്കിവരുന്ന പദ്ധതി കൾ അനുബന്ധം-1 ആയും റോഡപക-ടങ്ങൾ കുറയ്ക്കുന്നതിന് നടത്തി വരുന്ന പ്രവർത്തനങ്ങൾ അനുബന്ധം-2 ആയും ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

കേരള റോഡ് സുരക്ഷാ അതോറിറ്റി, ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പ്രവർത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

(എ) റോഡ് സുരക്ഷാ നയങ്ങളിൽ സർക്കാരിനെ ഉപദേശിക്കുക;

(ബി) റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക;

(സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്റ്റുകളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുക;

(ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവ്വഹണം നടത്തുന്ന എല്ലാ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക;

(ഇ) റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക;

(എഫ്) ഫണ്ടിന്റെ നടത്തിപ്പ്;

(ജി) റോഡ് സുരക്ഷാ പദ്ധതികളും , പരിപാടികളും നടപ്പിൽ വരുത്തുന്നതിനുള്ള ചെലവ് അനുവദിക്കുക;

(എച്ച്) റോഡ് സുരക്ഷാ പ്രോജക്റ്റുകൾക്കു വേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടിയും ചെലവ് അനുവദിക്കുക;

(ഐ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്ടുകളും ഗവേഷണവും നടത്തുന്നതിന് ചെലവ് അനുവദിക്കുക;

(ജെ) ട്രോമ-കെയർ പരിപാടികൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക;

(കെ) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾ അനുവദിക്കുക;

(എൽ) റോഡ് സുരക്ഷാ നടപടികളുമായി ബന്ധപ്പെട്ട സംഗതികൾക്കുള്ള ചെലവ് അനുവദിക്കുക;

(എം) അതോറിറ്റിയുടെ നേതൃത്വത്തിൽ അപകടസ്ഥലത്തെ രക്ഷാപ്രവർത്തനങ്ങൾക്കായി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുക;

(എൻ) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ പരിഗണിച്ചുകൊണ്ട് നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക

Smitha
S.O.

## അനുബന്ധം - 2

റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് കേരള റോഡ് സുരക്ഷ അതോറിറ്റിയുടെ നേതൃത്വത്തില് സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദവിവരങ്ങള് ചുവടെ ചേർക്കുന്നു.

**1. അപകടസാദ്ധ്യതമേഖല(AccidentsProneArea)യും അതീവ അപകട സാദ്ധ്യതമേഖലയും.(Black Spots)**

റോഡപകടങ്ങളെ സംബന്ധിച്ചുള്ള സ്ഥിതി വിവരകണക്കുകൾ വിശകലനം ചെയ്യുകയും സംസ്ഥാനത്ത് 896 അപകട സാദ്ധ്യതമേഖലകളും (Accidents Prone Area) 217 അതീവ അപകട സാദ്ധ്യത മേഖലകളും (Black Spots)കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മേഖലകളില് പോലീസ് വകുപ്പിന് കീഴിൽ 149 ഹോം ഗാർഡുകളെ നിയമിച്ചിട്ടുണ്ട്. മാത്രമല്ല പ്രസ്തുത മേഖലകളിലെ അപകടകാരണം വ്യക്തമായി കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ 54 അതീവ അപകട സാധ്യത മേഖലകളിൽ പരിഹാര നടപടി സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് നാലര കോടി രൂപ കേരള റോഡ് സുരക്ഷാ അതോറിറ്റി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയില് പട്ടം ജംഗഷ്നിൽ *Red Light violation detection system* സ്ഥാപിക്കുവാൻ 55.62 ലക്ഷം രൂപയും കാര്യവട്ടം ജംഗഷ്നില് *over speed detection system* സ്ഥാപിക്കുവാൻ 16.26 ലക്ഷം രൂപയും അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് പി.എം.ജി ജംഗ്ഷനിൽ കേടായ സിഗ്നൽ ലൈറ്റുകള് മാറ്റി സ്ഥാപിക്കുകയും 12,56827/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. വഴുതയ്ക്കാട് ജംഗ്ഷനിൽ കേടായ സിഗ്നൽ ലൈറ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

**2. മാതൃക റോഡ് പദ്ധതി** മാതൃക റോഡ് നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് 2 കോടി 27 ലക്ഷം നല്കിയിട്ടുണ്ട്.കൊല്ലം-കോവളം, 2. മുട്ടം — തൊടുപുഴ, 3. വൈറ്റില — മണ്ണുത്തി, 4. തൊടുപുഴ — അങ്കമാലി, 5. ശബരിമല റോഡുകളായ വടശ്ശേരിക്കര — പമ്പ, 6.എരുമേലി — പ്ലാപ്പള്ളി എന്നി ആറ് റോഡുകളെ തെരഞ്ഞെടുത്ത് അപകട വിമുക്ത മാതൃക റോഡായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളെ ശാസ്ത്രീയമായ രീതിയില് സംവിധാനം ചെയ്യുകയും ട്രാഫിക് സിഗ്നല് ലൈറ്റുകളും, സൈൻ -ബോർഡുകളും, അനുയോജ്യമായ സ്ഥാനത്ത് സ്ഥാപിക്കുകയും സ്പീഡ് റഡാറുകള് ഉപയോഗിച്ച് അമിത വേഗത കുറയ്ക്കുകയും ചെയ്ത് അപകടങ്ങള് ഒഴിവാക്കുന്നതിന് നടപടികള് പുരോഗമിച്ച് വരുന്നു. പ്രസ്തുത ഉദ്യമം പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചാണ് ചെയ്തുവരുന്നത്. കൊല്ലം - കോവളം റോഡിനെ മാതൃക റോഡായി പ്രഖ്യാപിച്ചു കൊണ്ട് സർക്കാര് ഉത്തരവ് പുറപ്പെടുവിക്കുകയും, പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് റോഡ് സുരക്ഷ പ്രവർത്തനങ്ങള് നടത്തിവരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലെ തിരഞ്ഞെടുത്ത റോഡുകളെ മാതൃകാ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തുവാന് കെ.ആർ.എസ്.എ തീരുമാനിച്ചിട്ടുണ്ട്. നടപടികൾ പുരോഗമിച്ചു വരുന്നു.

കേരളാ റോഡ് സുരക്ഷാ അതോറിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തില് മോട്ടോര് വാഹന വകുപ്പ്, അവരുടെ നിയന്ത്രണത്തിൽ ചേർത്തല-മണ്ണുത്തി റോഡിനെ മാതൃക റോഡായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത റോഡിലെ ജംഗഷനുകളിലും, വീഥികളിലും റെഡ് വയലേഷൻ ഡിറ്റക്ഷന് സിസ്റ്റവും, ഓവർ സ്പീഡ് വയലേഷന് ഡിറ്റക്ഷന് സിസ്റ്റവും -ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തി അപകടരഹിത റോഡ് സംവിധാനത്തിനായുള്ള നടപടികള് ഊർജ്ജിതമായി നടത്തി വരുന്നു

**3. റോഡ് സുരക്ഷാ ബോധവൽക്കരണം**

ദൃശ്യ - ശ്രാവ്യ അച്ചടി മാധ്യമങ്ങള് തുടങ്ങീ സാധ്യമായ മുഴവന് മാധ്യമങ്ങളെ ഉപയോഗിച്ചും റോഡ് സുരക്ഷയെ പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സ്ക്കാരം രൂപപ്പെടുത്തുന്നതിനുള്ളപദ്ധതികള് ആവിഷകരിച്ച്നടപ്പിലാക്കി വരുന്നു.ടിപ്പർലോറി/ചരക്കുവാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ്പാക്ക് വഴി റോഡുസുരക്ഷ പരിശീലനം നല്കുന്നതിനായി 12 ലക്ഷം രൂപ കെ.ആർ.എസ്.എ നല്കിയിട്ടുണ്ട്. രാത്രികാല എയർപോർട്ട് യാത്ര

അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരെയും, യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി കെ.ആർ.എസ്.എ യുടെ നേതൃത്വത്തിൽ അച്ചടിച്ച "Safe night driving" എന്ന ലീഫ് ലെറ്റുകൾ കേരളത്തിലെ മൂന്നു അന്താരാഷ്ട്ര വിമാനതാവളങ്ങളുടെ പരിധിയില് വരുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാത്രികാലങ്ങളില് വിതരണം ചെയ്തു വരുന്നു. വാഹന ഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച **'റോഡ് റെഗുലേഷൻസ്'** എന്ന ലീഫ് ലെറ്റുകള് റീജിയണല് ട്രാൻസ്പോർട്ട് ഓഫീസർമാർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തു വരുന്നു. നാറ്റ്പാക്ക് തയ്യാറാക്കിയ **സ്കൂളിലേയ്ക്കുള്ള സുരക്ഷിത പാത (safe road to school)** എന്ന പുസ്തകത്തിന്റെയും, അധ്യാപക പഠന സഹായി (Teachers Manuel) എന്ന പുസ്തകത്തിന്റെയും ഇംഗ്ലീഷ്, മലയാളം വാല്യങ്ങളുടെ കോപ്പികൾ അച്ചടിച്ച് ആർ.ടി.ഒ മാർ മുഖേന കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തു വരുന്നു. സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷ ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി നാറ്റ്പാക്ക് തയ്യാറാക്കിയ അഞ്ച് . റോഡ് സുരക്ഷ ഹ്രസ്വ ചിത്രങ്ങള് കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**4. റോഡ് സുരക്ഷാ ക്ലബ്ബ്**

റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളില് അവബോധം ഉണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളില് വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂള് /കോളേജുകളിൽ 157 റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപികരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകൾ കേരളത്തിലെ എല്ലാ സ്കൂൾ/ - കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**5. റോഡ് സുരക്ഷാ പ്രോജക്ടും, ഗവേഷണവും**

ആലപ്പുഴ ജില്ലയിലെ ആലപ്പുഴ- മധുര, അമ്പലപുഴ — തിരുവല്ല, അർത്തുങ്കൽ- ചെല്ലാനം എന്നീ റോഡുകളുടെ സേഫ്റ്റി ഓഡിറ്റ് നാറ്റ്പക്കിന്റെ സഹായത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി ചെയ്തു കഴിഞ്ഞു. സംസ്ഥാനത്തിന്റെ റോഡ് സുരക്ഷാ നയത്തിന്റെ കരട് നാറ്റ്പാക്ക് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

**6. ട്രോമാകെയർ**

ട്രോമകെയർ സംവിധാനംശക്തിപ്പെടുത്തുവാൻ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി നടപടികൾ ആവിഷ്കരിച്ച് വരുന്നു. ആംബുലൻസ് സജ്ജീകരിക്കുന്ന തിലേയ്ക്കായി 130 ലക്ഷം രൂപയും, ഹരിപ്പാട്, വടകര, പയ്യന്നൂർ, തിരൂർ, പത്തനംതിട്ട തുടങ്ങിയ കേന്ദ്രങ്ങളിൽ ട്രോമാകെയർ സജ്ജീകരിക്കുവാൻ 370 ലക്ഷംരൂപയും, കേരളാ എമർജെൻസി മെഡിക്കൽ സ്കീമിന്റെ ആംബുലൻസുകൾക്കുള്ള പ്രവർത്തന ചെലവിലേയ്ക്കുള്ള ഒറ്റ തവണ സഹായം എന്ന നിലയ്ക്ക് 50 ലക്ഷം രൂപയും ആരോഗ്യവകുപ്പിന് കേരള റോഡ് സുരക്ഷാ അതോറിറ്റി നല്കിയിട്ടുണ്ട്.

**7. പരസ്യ ബോർഡുകള്**

അപകടത്തിന് കാരണമായേക്കാവുന്ന അനധികൃത പരസ്യ ബോർഡുകള് നീക്കം ചെയ്യുന്നതിന്ന് ജില്ലാ റോഡ് സുരക്ഷാ കൌൺസിലുകളെ ചുമതലപ്പെടുത്തി.

8. അപകടാനന്തര അന്വേഷണം

അപകടം സംഭവിക്കുമ്പോൾ മൂന്നോ അതിൽ കൂടുതലോ വ്യക്തികൾ മരണപ്പെടുകയാണെങ്കിൽ, അപകടകാരണങ്ങൾ വ്യക്തമായി കണ്ടെത്തി ജില്ലാ റോഡ് സുരക്ഷാ കൗൺസില് മുഖേന്റിപ്പോർട്ട് സമർപ്പിക്കുവാന് ബന്ധപ്പെട്ട മേഖലയിലെ ഡി.വൈ.എസ്.പിയും, മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറും, അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അടങ്ങുന്ന കമ്മിറ്റിയെ കെ.ആർ.എസ്. എ നിയോഗിച്ചിട്ടുണ്ട്.

9. സ്റ്റുഡൻസ് കേഡറ്റ് പ്രോജക്ക്

പോലീസ് വകുപ്പിന്റെ നേതൃത്വത്തില് കേരളത്തിലെ 128 സ്കൂളുകളില് രൂപീകരിച്ചിരിക്കുന്ന സ്റ്റുഡൻസ് പോലീസ് കേഡറ്റ് പ്രോജക്ടിന്റെ ഭാഗമായി സ്കൂളുകളിൽ കമ്മ്യൂണിറ്റി ലെവല് റോഡ് സുരക്ഷ പ്രോഗ്രാം നടപ്പിലാക്കുന്നതിന് പോലീസ് വകുപ്പിന് ഒരു കോടി രൂപ അനുവദിക്കുവാൻ - കെ.ആർ.എസ്.എ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

10. ഫുട്പാത്ത് കൈയ്യേറ്റം

നിയമവിരുദ്ധമായി ഫുട്പാത്ത് കൈയ്യേറുന്നവരെ ഒഴിപ്പിക്കുവാനും അവർക്കെതിരെ റോഡ് സുരക്ഷ അതോറിറ്റി ആക്ടിലെ 14,15,16,17 സെക്ഷന് പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാന് എല്ലാ ജില്ലാ റോഡ് സുരക്ഷ ചെയർമാന് മാർക്കും, സിറ്റി പോലീസ് കമ്മീഷണർമാര്, ജിലാ പോലീസ് സൂപ്രണ്ട് മാർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാര് എന്നിവർക്ക് അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്.

11. വാഹന കുരുക്ക് തടയൽ

കേരളത്തിലെ നഗരങ്ങളില് വർദ്ധിച്ചുവരുന്ന വാഹനകുരുക്ക് തടയുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ നഗരങ്ങളിലെ സ്കൂളുകളുടെ പ്രവർത്തന സമയത്തില് ഉചിതമായ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ശുപാർശ സർക്കാരിന് സമർപ്പിക്കുവാന് അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്.

12. ദശവത്സര റോഡ് സുരക്ഷാ പദ്ധതി.

റോഡ് സുരക്ഷയ്ക്കായുള്ള 2011-2020 ദശകത്തിലേക്കുള്ള പൊതുവായ റോഡ് സുരക്ഷാ പരിപാടികള് നടത്തിക്കുന്നതിനായി വിവിധ വകുപ്പുകൾ റോഡ് സുരക്ഷാ പദ്ധതികള് സമർപ്പിച്ചിട്ടുണ്ട്. 2020-ഓടെ വാഹന ദുരന്തങ്ങള് ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പരിപാടികൾക്കായി, താഴെ പറയുന്ന പ്രകാരം വിവിധ വകുപ്പുകൾക്ക് ഫണ്ട് അനുവദിക്കുവാന് റോഡ് സുരക്ഷാ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്.

എ. പൊതുമരാമത്ത് വകുപ്പ്

216 ബ്ലാക്സ്പോട്ട്- അപകടനിവാരണത്തിന് 20.5. കോടിയും, സ്കൂൾ സോണ് അപകട നിവാരണത്തിനു 10 കോടിയും, ബസ് ബേയും, ബസ് ഷെൽറ്ററ് നിർമ്മിക്കുവാന് 19 കോടിയും ചേർന്ന് 49.50 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിക്കുവാൻ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത പദ്ധതികൾക്കായി നാളിതുവരെ 15,87,00,000/- രൂപ പൊതുമരാമത്ത് വകുപ്പിന് നൽകിക്കഴിഞ്ഞിട്ടുണ്ടു

(ബി) പോലീസ് ഡിപ്പാർട്ടുമെന്റ്

ആൽക്കോമീറ്റർ, ക്യാമറ, സ്പീഡ് റഡാർ, ബാറ്റൺ, ജാക്കറ്റ് മുതലായവ വാങ്ങുന്നതിനും ട്രാഫിക് സിഗ്നൽ സിസ്റ്റം ട്രോമോകെയർ യൂണിറ്റ്. തുടങ്ങിയവ സ്ഥാപിക്കുന്നതിനും, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പ്രോജെക്റ്റിനുമായി നാളിതുവരെ പോലീസ് വകുപ്പിന് 6,83,77,800/ രൂപ നൽകിയിട്ടുണ്ടു

## (സി). മോട്ടോർ വെഹിക്കിള് ഡിപ്പാർട്ടുമെന്റ്

മോട്ടോർ വെഹിക്കിള് ഡിപ്പാർട്ടുമെന്റില് റോഡ് സുരക്ഷ ബോധവൽക്കരണത്തിനും വിവിധ റോഡ് സുരക്ഷ പ്രവർത്തനത്തിനും നാളിതുവരെ 19,35,67,278/- (പത്തൊൻപതു കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അറുപത്തിയേഴായിരത്തി ഇരുന്നൂറ്റി എഴുപത്തിയെട്ടു രൂപ മാത്രം) നല്കിയിട്ടുണ്ട്. വ്യാപകമായ

ബോധവൽക്കരണ പരിപാടികള് ആവിഷ്കരിച്ച് വരുന്നു. വിവിധ തരത്തിലുള്ള വാഹന ഡ്രൈവർമാർക്കുള്ള ബോധവൽക്കരണ പരിപാടികള് ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടു.

## (ഡി). നാറ്റ്പാക്

റോഡ് സുരക്ഷ പഠനത്തിനും, ബോധവൽക്കരണ പരിപാടികളുടെ ഉൾപ്പെടെയും വിവിധ റോഡ് സുരക്ഷ പ്രവർത്തനങ്ങൾക്ക് നാറ്റ്പാകിന് 79,42,000/- രൂപ ( എഴുപത്തൊന്പതുലക്ഷത്തി നാല്പത്തിരണ്ടായിരം രൂപ മാത്രം) നല്കിയിട്ടുണ്ട്.

## (ഇ).കെൽട്രോൺ

തിരുവനന്തപുരം നഗരത്തിലെ 62 ജംഗ്ഷനുകളിലും, കൊച്ചി നഗരത്തിലെ 14 ജംഗ്ഷനുകളിലും, കോഴിക്കോട് നഗരത്തിലെ 27 ജംഗ്ഷനുകളിലും, സ്പീഡ് ഡിറ്റക്ഷൻ ആന്റ് സെക്യൂരിറ്റി കം വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ, ഘടിപ്പിക്കുന്നതിന് 6.1 കോടി രൂപ അനുവദിച്ചു. അതിൽ 2,58,78,275/- രൂപ കെൽട്രോണിന് നൽകി കഴിഞ്ഞു. പോലീസ് വകുപ്പിന്റെ ഏകോപനത്തിൽ ക്യാമറകള് സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തില് പുരോഗമിക്കുന്നു.

ചേർത്തല – മണ്ണുത്തി മാതൃകാ റോഡില് റഡാര് സർവൈലൻസ് സിസ്റ്റവും, ട്രാഫിക് റഗുലേറ്റിംഗ് സംവിധാനവും നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ടു.

S.O.